2063
30/1/19

**കേരള സർക്കാർ**

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018- പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്**

**സ.ഉ.(സാധാ)നം:302 /2019 /റവ. തിരുവനന്തപുരം, തീയതി, 30.01.2019.**

---

പരാമർശം- 1. സ.ഉ.(കൈ) നം. 24/2018/ദു.നി.വ .തീയതി 26/10/2018
2. സ.ഉ.(സാധാ) നം. 4621/2018/റവ.തീയതി 05/11/2018
3. സ.ഉ.(സാധാ) നം. 4744/2018/റവ.തീയതി 15/11/2018
4. സ.ഉ.(സാധാ) നം. 4893/2018/റവ.തീയതി 26/11/2018
5. സ.ഉ.(സാധാ) നം. 5088/2018/റവ.തീയതി 08/12/2018
6 സ.ഉ.(സാധാ) നം. 108/2019/റവ .തീയതി 08/01/2019
7. സ.ഉ.(സാധാ) നം. 134/2019/റവ .തീയതി 14/01/2019
8. സ.ഉ.(സാധാ) നം.284 /2019/റവ .തീയതി 29/01/2019

**ഉത്തരവ്**

പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമായി ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. തുടർന്ന്മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി വയനാട്, പാലക്കാട് ,ഇടുക്കി ജില്ലാ കളക്ടർമാർ പ്രൊപ്പോസൽ സമർപ്പിക്കുകയും യഥാക്രമം പരാമർശം 2,3,4, പ്രകാരം ധനസഹായം അനുവദിക്കുകയുമുണ്ടായി. 2018 ലെ പ്രളയക്കെടുതികളിൽ സംസ്ഥാനത്തെ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ കണക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സർക്കാരിൽ ലഭ്യമാക്കുകയും ( From CMDRF & SDRF) ആയത് പ്രകാരം ഓരോ ജില്ലയ്ക്കും കണക്കാക്കിയ CMDRF വിഹിതത്തിന്റെ 50% തുക, ടി ആവശ്യത്തിലേക്കായി നാളിതുവരെ ധനസഹായം അനുവദിച്ചിട്ടില്ലാത്ത മറ്റ് 11 ജില്ലകൾക്ക് പരാമർശം (6) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുകയുമുണ്ടായി . തുടർന്ന് കാസർഗോഡ്,ആലപ്പുഴ ,മലപ്പുറം ജില്ലാ കളക്ടർമാർ അധിക ധനസഹായം ആവശ്യപ്പെടുകയും യഥാക്രമം പരാമർശം 6,7,8 പ്രകാരം അധിക ധനസഹായം അനുവദിക്കുകയുമുണ്ടായി. ആയതിനാൽ ഇപ്പോൾ ഭാഗികമായി മാത്രം ധനസഹായം അനുവദിച്ചിട്ടുള്ള മറ്റ് 8 ജില്ലകൾക്ക്, , സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ള തുകയുടെ ( From CMDRF) ബാക്കി 50% തുകയായ ആകെ **362.64 കോടി രൂപ ( മുന്നൂറ്റി അറുപത്തി**

**രണ്ട് കോടി അറുപത്തിനാല് ലക്ഷം രൂപ)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ജില്ല** | **മുഖ്യമന്ത്രിയുടെദുരിതാശ്വാസ നിധിയിൽനിന്നുള്ള_ധനസഹായം ( തുക കോടിയിൽ)** |
|---|---|
| തിരുവനന്തപുരം | 14 |
| കൊല്ലം | 7.69 |
| പത്തനംതിട്ട | 44.11 |
| കോട്ടയം | 41.44 |
| എറണാകുളം | 125.41 |
| തൃശ്ശൂർ | 109.72 |
| കോഴിക്കോട് | 14.48 |
| കണ്ണൂർ | 5.79 |
| **ആകെ** | **362.64** |

വിതരണത്തിനാവശ്യമായി വരുന്ന ടി **362.64 കോടി രൂപ ( മുന്നൂറ്റി അറുപത്തി രണ്ട് കോടി അറുപത്തിനാല് ലക്ഷം രൂപ)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ടതും ടി ജില്ലാ കളക്ടർമാർ ധനസഹായം വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി.എച്ച്.കുര്യൻ,

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും ( ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ), കേരള, തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
ദുരന്ത നിവാരണ (എ/ബി) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Smitha. A.S.

സെക്ഷൻ ഓഫീസർ